Volume: 2, Issue: 18

# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

ഡിസംബർ 7 ബുധൻ 2022

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം

## നീരുറവ് പദ്ധതി: നീർത്തട നടത്തം സംഘടിപ്പിച്ചു

**ഷഫ്ന ഷെറിൻ അയ്യൂബ്**

നീരുറവ് പദ്ധതിയുടെ ഭാഗമായി അയ്യൻകുന്ന് ഗ്രാമ പഞ്ചായത്തിൽ മുടയിരഞ്ഞി നീർത്തടത്തിൽ നീർത്തട നടത്തം സംഘടിപ്പിച്ചു. മുടയിരഞ്ഞി നീർത്തടത്തിന്റെ ഭാഗമായ വാണിയപ്പാറയിൽ വച്ച് പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ നീർത്തട നടത്തം ഉദ്ഘാടനം ചെയ്തു.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി നടത്തുന്ന പ്രസ്തുത പദ്ധതി പ്രകാരം പഞ്ചായത്തിലെ നീർത്തടങ്ങളിൽ ജി സർവ്വേ നടത്തുകയും, വെള്ളം ഒഴുകുന്ന നീർച്ചാലുകളും കൈവഴികളും കണ്ടുപിടിച്ച് നീർത്തട നടത്തം സംഘടിപ്പിക്കുകയും ചെയ്തു.



*പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടന്ന നീർത്തട നടത്തത്തിൽ നിന്ന്*

മണ്ണ്, ജല സംരക്ഷണത്തോടൊപ്പം ജൈവ സമ്പത്ത് വർധിപ്പിച്ച് കാർഷിക അഭിവൃദ്ധി നേടുകയും ജനങ്ങളുടെ ഉപജീവന സ്ഥിതി മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. തോടിന്റെ നീരൊഴുക്ക് സാധ്യമാക്കുക, മലിനീകരണം തടയുക, മാലിന്യ സംസ്കരണം നടത്തുക തുടങ്ങി പ്രദേശത്തെ വീടുകളിലെ കിണർ റീചാർജിംങ്, ജല സ്രോതസുകൾ പുനരുജ്ജീവിപ്പിക്കൽ തുടങ്ങിയവയും 'നീരുറവ്' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

'മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ഓരോ നീർത്തടങ്ങളിലും നടന്നു വരുന്ന നീർത്തട നടത്തം, ഓരോ പുഴയുടെയും മുഴുവൻ നീർച്ചാലുകളും കണ്ടെത്തി ജല, മണ്ണ് സംരക്ഷണ പദ്ധതികൾ തയ്യാറാക്കാനും പ്രാദേശിക സാമഗ്രികൾ ഉപയോഗിച്ച് ഓരോ നീർച്ചാലുകളുടെയും പുനരുജ്ജീവനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കാനും ഉപകാരപ്രദമാണ്. ഇത് പ്രകാരമായിരിക്കും പഞ്ചായത്തിന്റെ വരാൻ പോകുന്ന തൊഴിലുറപ്പ് പദ്ധതികൾ നടപ്പിലാക്കുക' പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലിസി വലിയതൊട്ടിയിൽ, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ മിനി വിശ്വനാഥൻ, ആരോഗ്യ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ സിന്ധു ബെന്നി, വാർഡ് മെമ്പർമാരായ സീമ സനോജ്, ഐസക് ജോസഫ് മുണ്ടംപ്ലാക്കൽ, എൽസമ്മ ചേന്ദംകുളം, സെലീന ബിനോയ് ഇഞ്ചിപ്പറമ്പിൽ, ജോസഫ് വട്ടുകുളം, സജി മാച്ചിത്താനിയിൽ, ഫിലോമിന മാണി കണ്ണംകുളത്ത് തൊഴിലുറപ്പ് എ. ഇ ബിനിത, സൂപ്പർവൈസർമാരായ കെ. ഡി സോജി, കെ. വി ജോസഫ്, സുമിത വാസു, വി. പി ജോസ്, ബിനിത വിൽസൺ എന്നിവർ പങ്കെടുത്തു.

## ഇരിട്ടി ബ്ലോക്ക് കേരളോത്സവം വടംവലി; അയ്യൻകുന്ന് ജേതാക്കൾ

**നഹല നസീർ**


*വിജയികളോടൊപ്പം ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ*

ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് കേരളോത്സവത്തിന്റെ ഭാഗമായി 600 കിലോ പുരുഷ വിഭാഗം വടംവലിയിൽ അയ്യൻകുന്ന് പഞ്ചായത്ത് ടീം ജേതാക്കളായി. പായം കോണ്ടമ്പ്ര ഗ്രൗണ്ടിൽ വച്ചു നടന്ന മത്സരത്തിൽ കൂടാളി പഞ്ചായത്ത് ടീമിനെ ഫൈനലിൽ പരാജയപ്പെടുത്തിയാണ് വിജയികളായത്. കൂടാളി, പായം പഞ്ചായത്തുകൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കി.

അഷിൻ ബെന്നി ക്യാപ്റ്റനായ അയ്യൻകുന്ന് ടീമിൽ പി. ടി. സിജോ, എബിൻ, ഐബൽ, കെ. കെ. ശ്രീരാഗ്, അലൻ ബെന്നി, അലൻ ജോസഫ്, ആദർശ് മാത്യു, അബിൻ ഫ്രാൻസിസ്, അലക്റ്റ് അഗസ്റ്റിൻ എന്നിവരായിരുന്നു ടീം അംഗങ്ങൾ. 'ഒരുപാട് കാലത്തെ കഷ്ടപ്പാടും രാപകലില്ലാത്ത പരിശീലനത്തിന്റെയും ഫലമാണ് ഈ വിജയം. അയ്യൻകുന്നിന് ഒരു പൊൻതൂവൽ കൂടി ചാർത്താൻ പറ്റിയതിൽ അഭിമാനം തോന്നുന്നു.' അഷിൻ ബെന്നി പറഞ്ഞു.

കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡിനു കീഴിൽ ഇരിട്ടി ബ്ലോക്ക് തല കേരളോത്സവം നവംബർ 29 മുതൽ ഡിസംബർ നാലുവരെ ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി നടത്തപ്പെട്ടു. ആറളം ഗ്രാമപഞ്ചായത്ത് ഓവറോൾ ചാമ്പ്യന്മാരായ കേരളോത്സവത്തിൽ കീഴല്ലൂർ, കൂടാളി ഗ്രാമപഞ്ചായത്തുകൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കി. കെ പി സി എച്ച് എസ് എസ് പട്ടാനൂരിൽ വച്ചുനടന്ന സമാപനസമ്മേളനം ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. വേലായുധൻ ഉദ്ഘാടനം ചെയ്തു. ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എം. രതീഷ്, കൂടാളി ഗ്രാമപഞ്ചായത്ത് പ്രസിഡൻ് പി. കെ. ഷൈമ കീഴല്ലൂർ, ഗ്രാമപഞ്ചായത്ത് കെ. വി. മിനി, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡൻ് നജീദാ സ്വാദിഖ്, ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിംങ് കമ്മിറ്റി ചെയർമാന്മാരായ സി. ഷിജു, ഷിജു നടുപറമ്പിൽ, മെമ്പർമാരായ കെ. സി. രാജശ്രീ, എം. സുസ്മിത, കെ. പി. സനീഷ്, വി. ശോഭ, ബി. ഡി. ഒ. എബ്രഹാം തോമസ് എന്നിവർ സംസാരിച്ചു.

## ആടുകളെ വിതരണം ചെയ്തു

**കെ അനഘ**

ഡോൺ ബോസ്കോ ഇനിഷ്യേറ്റീവ് ഓഫ് സോഷ്യൽ ആക്ഷന്റെ (ദിശ) കീഴിൽ പ്രവർത്തിക്കുന്ന 'വി ലിവ്' പ്രോജക്ടിന്റെ ഭാഗമായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വനിതകൾക്ക് ആട് വിതരണം നടത്തി. അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിന്റെ കീഴിലെ ആറ് വനിതകൾക്കും, ഉളിക്കൽ, പായം ഗ്രാമപഞ്ചായത്തിലെ ഓരോ വനിതകൾക്കുമാണ് ആടുകളെ വിതരണം ചെയ്തത്. സമ്പൂർണ സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് റിവോൾവിംങ് സ്കീം പ്രകാരമാണ് വിതരണം ചെയ്തത്. അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പിള്ളിക്കുന്നേൽ വിതരണ ഉദ്ഘാടനം നടത്തി. ആട് വിതരണത്തിന് ശേഷം കോൺഫിഡന്റ് ഫാം ഉടമ കെ കെ ഷീന ആട് പരിപാലനത്തെക്കുറിച്ചും ആട് പരിപാലനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെകുറിച്ചും ക്ലാസ് നയിച്ചു.

'സ്ത്രീശാക്തീകരണം മുൻനിർത്തിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സ്ത്രീകൾക്ക് സ്വന്തമായി ചെറിയ തോതിലെങ്കിലും വരുമാനമുണ്ടാക്കി സ്വയംപര്യാപ്തത കൈവരിക്കുക എന്നത് ഇത് ലക്ഷ്യം വയ്ക്കുന്നു' ദിശ ഡയറക്ടർ ഫാദർ സോജൻ പറഞ്ഞു.

അങ്ങാടികടവ് ഡോൺ ബോസ്കോ ഇൻസ്റ്റിറ്റൂഷൻസ് അഡ്മിനിസ്ട്രേറ്റർ ഫാദർ ഫിഡൽ താച്ചിൽ, ദിശ ഡയറക്ടർ ഫാദർ സോജൻ പനഞ്ചിക്കൽ, അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് മെമ്പർ സെലിന ബിനോയ്, വി ലിവ് പ്രോജക്ട് സ്റ്റാഫ് ലിസി സിറിയക് എന്നിവർ സംസാരിച്ചു.

'ഇത്തരം പദ്ധതികൾ ഞങ്ങളെപ്പോലുള്ളവർക്ക് സ്വയംപര്യാപ്തത നേടാനും ജീവിതനിലവാരം ഉയർത്താനും സഹായകരമാണ്.' ഗുണഭോക്താക്കളിൽ ഒരാളായ സുജ പറഞ്ഞു.


*ആട് വിതരണ ചടങ്ങിൽ പഞ്ചായത്ത് പ്രസിഡന്റ് സംസാരിക്കുന്നു*


*പഞ്ചായത്ത് പ്രസിഡന്റ് ആടുകളെ വിതരണം ചെയ്യുന്നു*

വാർത്തകൾക്കും പരസ്യത്തിനും വിളിക്കൂ...9496698531

## എഡിറ്റോറിയൽ

# എയ്ഡ്സ്; 'ഒരുമിച്ച് തടഞ്ഞു നിർത്താം'

എല്ലാ വർഷവും ഡിസംബർ ഒന്ന് ലോക എയ്ഡ്സ് ദിനമായി ലോകമെമ്പാടും ആചരിക്കുന്നത് ഈ രോഗത്തെക്കുറിച്ച് അവബോധം സൃഷ്ടിച്ചു പ്രതിരോധം തീർക്കുന്നതിനും ഈ രോഗം മൂലം ജീവൻ നഷ്ടപ്പെട്ട എല്ലാവരെയും ഓർമിക്കുന്നതിനുമായാണ്. ഈ വർഷം ലോക എയ്ഡ്സ് ദിനത്തിൽ 'ഈക്വലൈസേഷൻ' പ്രമേയമായെടുക്കുമ്പോളും ഇതേ ലക്ഷ്യം തന്നെയാണ് മുൻനിർത്തുന്നത്. ഐക്യരാഷ്ട്ര സംഘടനയുടെ സംയുക്ത എയ്ഡ്സ് നിർമാർജന പ്രോഗ്രാം (യു.എൻ.എ.ഐ.ഡി.എസ്) പ്രകാരം 'ഈക്വലൈസേഷൻ'കൊണ്ടുദ്ദേശിക്കുന്നത് എയ്ഡ്സ് അവസാനിപ്പിക്കുന്നതിനുള്ള പോരാട്ടത്തെ തടസ്സപ്പെടുത്തുന്ന വിവിധ അസമത്വങ്ങൾ ഇല്ലാതാക്കാൻ എല്ലാവരും ജാഗരൂകരായി പ്രവർത്തിക്കുമ്പോൾ ഈ രോഗത്തെ ഒരുമിച്ച് തടഞ്ഞു നിർത്താമെന്നാണ്.'

ഹ്യൂമൻ ഇമ്മ്യുണോ ഡെഫിഷൻസി സിൻഡ്രോം അഥവാ എച്ച് ഐ വി ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ആളുകളെ ബാധിക്കുന്ന പൊതുജന ആരോഗ്യ പ്രശ്നമായി ഇന്നും നിലനിൽക്കുന്നുണ്ട്. എച്ച് ഐ വി വൈറസ് രോഗപ്രതിരോധ സംവിധാനത്തെ ആക്രമിക്കുകയും രോഗങ്ങളെ പ്രതിരോധിക്കാനുള്ള ശേഷി കുറയ്ക്കുകയും അതുവഴി രോഗിയുടെ ജീവൻ അപകടത്തിൽ ആക്കുകയും ചെയ്യുന്നു. ഇന്ന് എച്ച് ഐ വി ചികിത്സയിൽ ശാസ്ത്രീയ പുരോഗതിയും എച്ച് ഐ വി ബാധിതരെ സംരക്ഷിക്കാൻ നിയമങ്ങളുമുണ്ട്. എന്നാൽ തന്നെയും രോഗം പകരാതെ എങ്ങനെ സംരക്ഷിക്കണമെന്നു ആളുകൾക്ക് അറിയില്ല. മാത്രമല്ല ഈ അവസ്ഥയുമായി ജീവിക്കുന്ന ആളുകളോട് വിവേചനം നടത്താതെ എപ്രകാരം ഇടപെടണമെന്നും വ്യക്തമായ ധാരണയില്ലയെന്നത് ഖേദകരമാണ്.

ബോധവൽക്കരണവും മുൻകരുതലുകളുമാണ് ഈ രോഗം തടയാനുള്ള ഏക പോംവഴി. അതിനാൽതന്നെ എയ്ഡ്സിന്റെ ലക്ഷണങ്ങളും പ്രതിരോധ രീതികളും അറിയേണ്ടത് വളരെ പ്രധാനമാണ്. ഇത് ലക്ഷ്യമിട്ടുകൊണ്ട് ഇന്ത്യൻ ഗവൺമെൻ്റ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. 1992 ൽ ആരംഭിച്ച നാഷണൽ എയ്ഡ്സ് കൺട്രോൾ പ്രോഗ്രാം (എൻ.സി.പി) ഇന്ത്യയിൽ എച്ച് ഐ വി തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള സമഗ്ര പരിപാടിയായാണ് നടപ്പിലാക്കുന്നത്. എച്ച് ഐ വി പകർച്ചവ്യാധിയെ ചെറുക്കുന്നതിൽ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി (കെ.എസ്.എസി.എസ്) എൻ.സി.പി യുമായി ചേർന്നു പ്രവർത്തിക്കുന്നു.

എച്ച് ഐ വി ബാധിതരോട് ജനങ്ങൾക്ക് ഉണ്ടായിരുന്ന കാഴ്ചപ്പാടുകൾക്ക് ഏറെ മാറ്റം വന്നിട്ടുങ്കിലും ഇന്നും സമൂഹത്തിന്റെ പലഭാഗങ്ങളിലും ഇത്തരം ജനങ്ങൾ അവഗണന നേരിടുന്നു. രോഗബാധിതരെ ഓർമ്മിക്കാനും ഒപ്പം നിർത്താനും വേണ്ടിയാണ് ഇത്തരം ദിനങ്ങൾ ആചരിക്കുന്നത്. ഒരിക്കൽ ബാധിച്ചാൽ പിന്നീടൊരിക്കലും പൂർണ്ണമായും ഭേദമാവാത്ത രോഗമാണു എയ്ഡ്സ്. അതിനാൽ തന്നെ രോഗം ഇതാണെന്ന് തിരിച്ചറിഞ്ഞാൽ അണുബാധിതരിൽ വലിയതോതിൽ മാനസിക ബുദ്ധിമുട്ടുകൾ കണ്ടുവരാറുണ്ട്. വിഷാദം, ഉത്കണ്ഠ, ബൈപോളാർ ഡിസോർഡർ, ലഹരി അടിമത്ത രോഗങ്ങൾ എന്നിവയാണ് പൊതുവേ കണ്ടുവരാറുള്ളത്. ഇവയിൽ ഏറ്റവും കൂടുതൽ കണ്ടുവരുന്നത് വിഷാദരോഗങ്ങളാണ്. ഇത്തരം ബുദ്ധിമുട്ടുകളെ അവർ അതിജീവിക്കണമെങ്കിൽ എച്ച് ഐ വി ബാധിതരായ വ്യക്തികൾക്ക് ശക്തമായ മാനസിക പിന്തുണ സമൂഹത്തിൽ നിന്നും കുടുംബത്തിൽനിന്നും നൽകണം. ചികിത്സിക്കുന്ന ഡോക്ടറും കുടുംബവും സമൂഹവും രോഗിക്ക് മാനസിക പിന്തുണ ഉറപ്പാക്കണം. എങ്കിൽ മാത്രമേ സമൂഹത്തിനു ഒന്നിച്ചു നിന്നു ഈ മാറാവ്യാധികളെ തടഞ്ഞു നിർത്താൻ സാധിക്കുകയുള്ളൂ...

– എഡിറ്റർ

# വള്ളിത്തോട് നിന്ന് വെള്ളിത്തിരയിലേക്ക്

**അഞ്ജന വിൻസന്റ്**



കുന്നോളം ആഗ്രഹിച്ചാൽ കുന്നിക്കുരുവോളം കിട്ടും എന്നൊരു പഴഞ്ചൊല്ലുണ്ട്. എന്നാൽ ഇവിടെ ഒരാൾ വാശിയിലാണ് എനിക്ക് കുന്നിക്കുരുവോളം പോര കുന്നുതന്നെ വേണമെന്ന്; അതിനുവേണ്ടിയുള്ള പരിശ്രമത്തിലാണ് ഇദ്ദേഹം. അനുകരണകലയിലൂടെ തുടക്കം കുറിച്ച് നാടക നടനായും ചിത്രകാരനായും അറിയപ്പെടുന്ന ഒരു കലാകാരൻ നമ്മുടെ നാട്ടിലുമുണ്ട്, ബാബു വള്ളിത്തോട്; ഇപ്പോൾ സിനിമ ലോകത്തു സജീവമാകാൻ ഒരുങ്ങുകയാണ് ഇദ്ദേഹം.

ആകാശവാണിയിലൂടെ സംപ്രേക്ഷണം ചെയ്തിരുന്ന നാടകങ്ങളും മിമിക്രിയും കേട്ടാണ് കലയോടുള്ള സ്നേഹം വർദ്ധിച്ചത്. ഇതിൽ നിന്നു പ്രചോദനമുൾക്കൊണ്ട് ആദ്യകാല നടന്മാരായ നസീർ, ജയൻ, മധു ഇവരെ അനുകരിച്ചു മിമിക്രിക്ക് തുടക്കം കുറിച്ചു. മിമിക്രി, മോണോആക്ട്, ചിത്രരചന എന്നീ മേഖലകളിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച ബാബു വള്ളിത്തോട് സ്കൂൾ കലോത്സവങ്ങളിൽ ബെസ്റ്റ് ആക്ടർക്കുള്ള അവാർഡും നേടി.

സ്കൂൾ പഠനത്തിനുശേഷം മട്ടന്നൂർ കോളേജിൽ ചേർന്നതോടെ കലാരംഗത്ത് കൂടുതൽ അവസരങ്ങൾ ലഭിച്ചു. സലിം അഹമ്മദ്, ശിവദാസ് മട്ടന്നൂർ, സുനിതാ നായർ, രാജീവ് നമ്പ്യാർ, ജോയ് തോമസ് കൂടാതെ പ്രശസ്തരായ പലരും ആ ബാച്ചിൽ പഠിച്ചിരുന്നു. കോളേജ് കാലഘട്ടത്തിൽ തന്നെ സലീം അഹമ്മദിന്റെ നേതൃത്വത്തിൽ സൂപ്പർ മിമിക്സ് എന്ന പേരിൽ മിമിക്രി ട്രൂപ്പിന് തുടക്കം കുറിച്ചു. ഇതിലൂടെ പഠനത്തിനോടൊപ്പം സ്വന്തമായി വരുമാനമാർജിക്കാനും ആരംഭിച്ചു. കോളേജ് വിദ്യാഭ്യാസം കഴിഞ്ഞതോടെ സൂപ്പർ മിമിക്സ് പ്രൊഫഷണലാക്കി 'ചാപ്ലിൻസ് ഇന്ത്യ' എന്ന പേര് സ്വീകരിച്ചു.

കോളേജ് കാലഘട്ടം അവസാനിച്ചതോടെ തന്റെ കലയെ അവസാനിപ്പിക്കാൻ ബാബു വള്ളിത്തോട് തയ്യാറായിരുന്നില്ല. സ്വന്തമായി പണം സമ്പാദിക്കാൻ തുടങ്ങിയത് മുതൽ ടാക്കീസിൽ പോയി സിനിമ കാണുന്നത് ശീലമാക്കിയിരുന്നു. എന്നെങ്കിലും ഒരിക്കൽ സിനിമ നടൻ ആകണമെന്നുള്ള ആഗ്രഹം ഇരട്ടിയായി കൊണ്ടിരുന്നു. അതിന്റെ ഭാഗമായി നാല് വർഷത്തോളം കണ്ണൂർ 'ഗാന്ധാര' എന്ന നാടക ഗ്രൂപ്പിലെ ഭാഗമായി പ്രവർത്തിച്ചു. അതിനുശേഷം കൊച്ചിന് കലാഭവനിൽ ആറു വർഷം മിമിക്രി ആർട്ടിസ്റ്റ് ആയിരുന്നു. യൂറോപ്പിലും ഗൾഫിലും നിരവധി പരിപാടികൾ അവതരിപ്പിച്ചു. കൊച്ചിൻ കലാഭവനിൽ നിന്ന് ഇറങ്ങുന്ന സമയമാണ് സൂര്യ ടിവിയിൽ മലയാളത്തിലെ ആദ്യ കോമഡി റിയാലിറ്റി ഷോ ആയ 'രസികരാജ' ആരംഭിക്കുന്നത്. സലിം അഹമ്മദ് ആയിരുന്നു പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടർ. ആ പ്രോഗ്രാമിലെ മത്സരാർത്ഥികളിൽ ഒരാളായിരുന്നു ബാബു വള്ളിത്തോട്.

'അന്ന് ടിവി പരിപാടികളിലൊക്കെ കൂടുതലും പങ്കെടുത്തിരുന്നത് തെക്കൻ കേരളത്തിലും മധ്യകേരളത്തിലും ഉള്ളവരായിരുന്നു. ആദ്യമായി കണ്ണൂർ സംസാര ശൈലിയുമായെത്തിയത് പ്രോഗ്രാമിൽ ശ്രദ്ധിക്കപ്പെടുന്നതിന് കാരണമായി. പിന്നീട് പല മുൻകിട ചാനലുകൾ കോമഡി പരിപാടികൾ ഏറ്റെടുത്തതോടെ രസികരാജ നിർത്തേിവന്നു. രസികരാജയിൽ നിന്നും ഒത്തിരി സൗഹൃദങ്ങൾ ലഭിച്ചിരുന്നു. പിന്നീട് ഒരു വർഷം ഏഷ്യാനെറ്റ് കോമഡി സ്റ്റാർസ് സീസൺ ടൂ വിന്റെ ഭാഗമായിരുന്നു'. സംവിധായകനും തിരക്കഥാകൃത്തുമായ ബിബിൻ ജോർജ്ജുമായുള്ള സൗഹൃദത്തിന്റെ കഥ അദ്ദേഹം ഓർത്തെടുത്തു. അന്നത്തെ ആ സൗഹൃദം ഇന്നും മറക്കാതെ ആദ്യ സംവിധാന സംരംഭത്തിൽ എന്നെയും ചേർത്തുവെന്ന് നിറകണ്ണുകളോടെ അദ്ദേഹം പറഞ്ഞുവച്ചു.

2013ൽ സലിം മുഹമ്മദ് സംവിധാനം ചെയ്ത കുഞ്ഞനന്തന്റെ കടയാണ് ആദ്യ സിനിമ. പിന്നീട് 2017ൽ പത്തേമാരിയിലും ചെറിയൊരു വേഷം ചെയ്തു. സിനിമയിൽ അഭിനയിച്ചെങ്കിലും ശ്രദ്ധേയമായ ഒരു വേഷവും ലഭിച്ചിരുന്നില്ല. എന്നാൽ ഇന്ന് കൂടുതൽ മെച്ചപ്പെട്ട കഥാപാത്രങ്ങൾ ലഭിച്ചതിന്റെ സന്തോഷത്തിലാണ് ബാബു വള്ളിത്തോട് എന്ന കലാകാരൻ. 1948 *കാലം പറഞ്ഞത്*, *ഖരം*, റോയ് പല്ലിശ്ശേരി സംവിധാനം നിർവഹിക്കുന്ന *ഒരു ഫ്ളാഷ് ബാക്ക് സ്റ്റോറി*, ശരത് ചന്ദ്രൻ വയനാടിന്റെ *ചതി*, സുരേന്ദ്രൻ കല്ലൂരിന്റെ *മുന്ന*, വിപിൻ ജോർജ്ജ് വിഷ്ണു ഉണ്ണികൃഷ്ണൻ എന്നിവർ തിരിക്കഥ എഴുതി സംവിധാനം ചെയ്യുന്ന *വെടിക്കെട്ട്* എന്നിവയാണ് പുതിയ ചിത്രങ്ങൾ.

കലാഭവനിൽ ഉണ്ടായിരുന്ന എല്ലാവരും തങ്ങളുടെ പേരിൽ കലാഭവൻ എന്ന് കൂട്ടി ചേർക്കുന്നുണ്ടല്ലോ എന്ന എന്റെ ചോദ്യം പൂർത്തിയാക്കുന്നതിനു മുന്നേ വള്ളിത്തോടല്ലേ എന്നെ വളർത്തുന്നത് അപ്പോൾ ഈ നാടിനെയല്ലേ ഞാൻ വളർത്തേണ്ടതെന്നായിരുന്നു മറുപടി. വള്ളിത്തോട് നിന്ന് മലയാള സിനിമ സ്വപ്നം കാണുന്ന ഈ കലാകാരന് നാടിന്റെ പിന്തുണ ആവോളമുണ്ട്. ബാബു വള്ളിത്തോട് എന്ന നടനെ മലയാള സിനിമ തിരിച്ചറിഞ്ഞാൽ കണ്ണൂരിന്റെ മണ്ണിൽ നിന്ന് മറ്റൊരു കലാകാരൻ കൂടി മലയാള സിനിമയിൽ സ്ഥാനം പിടിക്കും. ഇനിയും സിനിമയിൽ നല്ല വേഷങ്ങൾ കിട്ടുമെന്ന് പ്രതീക്ഷയോടെ കാത്തിരിക്കുകയാണ് ബാബു വള്ളിത്തോട്.

ഭാര്യ റീത്ത മേബിൾ, മക്കൾ അഥീന, ഡോമിനിക്, ആട്രിൻ എന്നിവർക്കൊപ്പം വള്ളിത്തോട് പെരിങ്കരിയിലാണ് താമസം.

# ന്യൂട്രീഷൻ ഇന്റർവെൻഷൻ പ്രോഗ്രാം നടത്തി

**മൗങ് മൗങ് സെയ്ൻ**

സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിൽ 'ന്യൂട്രീഷൻ ഇന്റർവെൻഷൻ പ്രോഗ്രാം ഇൻട്രൈബൽ പീപ്പിൾസ് 2022' പദ്ധതിയുടെ ഭാഗമായി പോഷകാഹാര വിഭാഗം ആറളം ഫാമിൽ പോഷക ആഹാര വിതരണവും ബോധവത്കരണക്ലാസ്സും നടത്തി. 2022 –23 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം വിനിയോഗിച്ച് സംസ്ഥാനത്തെ നാലു ജില്ലകളിൽ പട്ടികവർഗ്ഗ ഊരുകളോട് അനുബന്ധിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ആറളം ഫാം ബ്ലോക്ക് ഒമ്പത് വളയഞ്ചാൽ കമ്യൂണിറ്റി ഹാളിൽ വച്ച് നടന്ന പരിപാടി കണ്ണൂർ ജില്ല പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ ബിനോ യ് കുര്യൻ ഉദ്ഘാടനം ചെയ്തു. പോഷകാഹാര ധാന്യ കിറ്റ് വിതരണം ആറളം പഞ്ചായത്ത് പ്രസിഡന്റ് കെ പി രാജേഷ് നിർവ്വഹിച്ചു.

ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ വേലായുധൻ, ഡോക്ടർ പ്രിയ സദാനന്ദൻ, ആറളം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ജെസിമോൾ വാഴപ്പള്ളി, ആറളം ഗ്രാമപഞ്ചായത്ത് ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ രാജു ഇ സി, ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശോഭ വി, ആറളം ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർ മിനി ദിനേശ്, ഷൈജു, തിരുവനന്തപുരം സ്റ്റേറ്റ് ന്യൂട്രിഷൻ ഓഫീസ് എച് ഐ, കെ ബി സുഹാസ് എന്നിവർ സംസാരിച്ചു. മീഡിയ വിങ്ങിന്റെ പ്രതിനിധികളായ സി. ജി ശ്രീധരനും സി. ജി ചാക്കോയും പരിപാടിയിൽ പങ്കെടുത്തു. ഡോ.രാജേഷ് വി പി ക്ലാസ്സ് അവതരിപ്പിച്ചു.

# 'ഫ്യൂച്ചർ ലീഡർ'; ആതിഥേയത്വമരുളി ഡോൺബോസ്കോ

**വി അനന്യ**

മരിയ ഫിലിപ്പ് 'ഫ്യൂച്ചർ ലീഡർ' ഡിബേറ്റ് മത്സരം അങ്ങാടികടവ് ഡോൺ ബോസ്കോ കോളേജിൽവച്ച് നടത്തി. ഡോൺ ബോസ്കോ കോളേജ് ഐ.ക്യു.എ.സി.യും സൈം (എക്സ് ഐ എം ഇ) ഇൻസ്റ്റിറ്റ്യൂട്ട് കൊച്ചിയും ചേർന്ന് നടത്തിയ ജില്ലാതല മത്സരത്തിൽ രണ്ടു പേർ അടങ്ങുന്ന ആറു ടീമുകൾ പങ്കെടുത്തു. രണ്ട് മണിക്കൂർ നീണ്ടുനിന്ന ഡിബേറ്റ് മത്സരത്തിൽ ഡോൺ ബോസ്കോ കോളേജിനു വേണ്ടി മത്സരിച്ച ബി എ ഇംഗ്ലീഷ് ബി എസ് സി സൈക്കോളജി വിദ്യാർത്ഥികളായ യേശുരാജ്, ഐഷ ഹനീൻ എന്നിവർ ഒന്നാം സ്ഥാനവും, ഗവ. ബ്രെണ്ണൻ കോളേജ് ബി എ ഫങ്ക്ഷണൽ ഇംഗ്ലീഷ് വിദ്യാർത്ഥികളായ റന ഫാത്തിമ, ഫാത്തിമ നൗഷാദ് എന്നിവർ രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

വിജയികൾ കൊച്ചിയിൽ വച്ച് നടക്കുന്ന സംസ്ഥാനതല മത്സരത്തിലും സംസ്ഥാനതല മത്സര വിജയികൾ തുടർന്ന് ബാംഗ്ലൂരിൽ വച്ച് നടക്കുന്ന സൗത്ത് ഇന്ത്യ ലെവൽ മത്സരത്തിലും പങ്കെടുക്കും. സൗത്ത് ഇന്ത്യ ലെവൽ മത്സരത്തിൽ വിജയികളാകുന്നവർക്ക് 80000 രൂപ ക്യാഷ് അവാർഡും രണ്ടാം സ്ഥാനക്കാർക്ക് 50000 രൂപ ക്യാഷ് അവാർഡും ലഭിക്കും.

ഡോൺ ബോസ്കോ കോളേജ് കോൺഫറൻസ് ഹാളിൽ വച്ച് നടന്ന പരിപാടിയിൽ എച്ച്. എസ്. എസ്. ടി ഇംഗ്ലീഷ് പ്രധിനിധി റെജി ജോസഫ്, എച്ച്. എസ്. എസ്. ടി. ഏകോണോമിക്സ് പ്രധിനിധി ശോഭ ടോം, എക്സ് ഐ എം ഇ ചീഫ് മാനേജർ ഡൊമിനിക് . ജെ. മേച്ചേരി എന്നിവരായിരുന്നു വിധികർത്താക്കൾ.




For private circulation only

എഡിറ്റോറിയൽ ടീം – ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: അനിൽ തോമസ് നല്ലൂർ | എഡിറ്റർ ഇൻ ചാർജ്: കെ അനഘ | സബ് എഡിറ്റേഴ്സ്: ഷഫ്ന ഷെറിൻ അയ്യൂബ്, നഹല നസീർ, അഞ്ജന വിൻസന്റ്, വി അനന്യ, മൗങ് മൗങ് സെയ്ൻ | ഫോട്ടോഗ്രാഫേഴ്സ്: മൗങ് മൗങ് സെയ്ൻ, കെ അനഘ | ഡിസൈൻ: വി അനന്യ, ഷഫ്ന ഷെറിൻ അയ്യൂബ്